(ബി) ട്രാഫിക് സുരക്ഷ സംബന്ധിച്ച് ഗവൺമെന്റ് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഈ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് തീരുമാനങ്ങൾ എടുക്കാറുണ്ടോ ;

(സി) ഈ തീരുമാനങ്ങൾ എത്രത്തോളം നടപ്പാകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിനും കുറ്റമറ്റ ട്രാഫിക് സംവിധാനത്തിനുമായി വിവിധ പദ്ധതികൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ട്രാഫിക് സുരക്ഷ സംബന്ധിച്ച് സംസ്ഥാന സർക്കാർ കേരളാ റോഡ് സേഫ്റ്റി അതോറിറ്റി എന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കാറുണ്ട്. കൂടാതെ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരാറുണ്ട്.

(സി) കേരളാ റോഡ് സേഫ്റ്റി അതോറിറ്റി കമ്മിറ്റിയുടെ തീരുമാനങ്ങളിൽ പോലീസ് ഡിപ്പാർട്ട്മെന്റ് നടപടി എടുക്കേണ്ടവയിൽ യഥാസമയം തന്നെ നടപടി എടുത്തുവരുന്നുണ്ട്.

കണ്ണൂർ എ. ആർ. ക്യാമ്പിൽ പോലീസുകാർക്കുള്ള ബാരക്ക് നിർമ്മാണം

28 (5937) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ എ.ആർ. ക്യാമ്പിൽ പോലീസുകാർക്ക് താമസിക്കാനുള്ള ബാരക്ക് എന്നാണ് പണികഴിപ്പിച്ചത് ; അതിന്റെ ഉത്ഘാടനം എന്ന് നടത്തി ;

(ബി) പ്രസ്തുത ബാരക്കിന്റെ റീവയറിംഗ് നടത്തിയിട്ടുണ്ടോ ; എങ്കിൽ, എന്തുതുക ചെലവായി ;

(സി) സേനാംഗങ്ങൾ ശ്രമദാനമായി ഇവിടെ കിണർ കുഴിച്ചിട്ടുണ്ടോ ;

(ഡി) കിണർ കുഴിക്കുന്ന പ്രവൃത്തിക്കായി കോട്ടേഷൻ ക്ഷണിച്ച് ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ ; എങ്കിൽ, അതിന് വേണ്ടിവരുന്ന ചെലവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly